# മരണത്തിലേക്കു നയിക്കുന്ന സൗന്ദര്യ ബോധം

ശോഭന



കഴിഞ്ഞ ഡിസംബർ 8ന് ഹോങ്കോങ്ങിൽവെച്ച് താരതമ്യേന ആരോഗ്യവതിയായ ഒരു ഇരുപത്തിയേഴുകാരി പെട്ടെന്ന് കുഴഞ്ഞുവീണ് മരണമടയുകയുണ്ടായി. പോയ ഒരു വർഷമായി അവർ കഴിച്ചുകൊണ്ടിരുന്ന ശരീരം മെലിയുന്നതിനുള്ള ഡയറ്റ് ഗുളികകളാണ് മരണകാരണമെന്ന് പിന്നീട് കണ്ടെത്തി. അതിനും പത്തുദിവസങ്ങൾക്കുമുമ്പ് ഹോങ്കോങ്ങിൽതന്നെ മറ്റൊരു സ്ത്രീയുടെ മരണത്തിനു പുറകിലും വിശപ്പുശമിപ്പിക്കാനുള്ള ഗുളികകളാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

സാമൂഹ്യ സങ്കൽപ്പങ്ങളെ വിലക്കെടുത്ത് വൻകിട കുത്തകകൾ നടത്തുന്ന കച്ചവട തന്ത്രത്തിന്റെ രണ്ടിരകളായി. ഈ രണ്ടുപേരേയും കാണാം. സൗന്ദര്യത്തെ പ്പറ്റിയുള്ള അമിതാവബോധം ആധുനിക സമൂഹത്തെ ഗൗരവമായി ബാധിച്ചിരിക്കുന്ന ഒരു രോഗമായി മാറിയിരിക്കുന്നു. ശരീര സൗന്ദര്യത്തിന്റെ പുറകിലുള്ള ഉൽപ്പന്നങ്ങൾക്കാണ് മാർക്കറ്റിലിന്ന് ഏറ്റവുമധികം ഡിമാൻഡുള്ളത്. ഇപ്പോൾ ശരീര സൗന്ദര്യ സങ്കൽപ്പത്തിന്റെ മാറ്റത്തിനാനുപാതികമായി കച്ചവട തന്ത്രങ്ങളും വികസിച്ചിരിക്കുന്നു. മുൻകാലങ്ങളിൽ സുന്ദരിമാരുടെയും സുന്ദരൻമാരുടേയും എണ്ണവും കുറവായിരുന്നു. സ്ത്രീയുടെ സൗന്ദര്യമാണെങ്കിൽ ഒരു ഭാവത്തിലോ ചലനത്തിലോ ആയിരിക്കും മിക്കപ്പോഴും ആരോപിക്കപ്പെട്ടിരുന്നത്. മിഴികളുടെ മാസ്മരികതയും മൂക്കിന്റെ വളവും പുഞ്ചിരിയുമെല്ലാം സൗന്ദര്യ ഘടകങ്ങളായി കണക്കാക്കി. എന്നാൽ ഒരു കൃത്യതയും പാലിക്കാത്ത നൈസർഗീകമായ ഈ കാഴ്ചപാടുകൾ, മാർക്കറ്റിങ്ങിന് ഒരു വെല്ലുവിളിയായിരുന്നു.

അതുകൊണ്ട് സൗന്ദര്യമെന്നത് കൃത്യമായ ചില അളവുകളാണെന്ന് വീക്ഷണം സൃഷ്ടിക്കപെടേണ്ടതിന്റെ ഏറ്റവുമധികം ആവശ്യം കുത്തക വ്യവസായങ്ങൾക്ക് തന്നെയായിരുന്നു. യാതൊരു ബുദ്ധിമുട്ടുമില്ലാതെ ചില അളവുകളിലേക്ക് ഒതുങ്ങിയാൽ കണ്ടെത്താവുന്ന ഒന്നായിമാറി സൗന്ദര്യം. സൗന്ദര്യം അത്യാവശ്യമാണെന്ന് എല്ലായ്പ്പോഴും നമ്മളെ എല്ലാരീതിയിലും ഓർമ്മിപ്പിക്കുകയും ചെയ്യുന്നുണ്ടല്ലോ. അങ്ങനെ ഈ അളവുകളിലേക്ക് എത്തിപ്പെടാൻ വേണ്ടി ഭൂരിപക്ഷം സ്ത്രീകളുടെ മാനസികാവസ്ഥ മാറ്റുന്നതിന് സൗന്ദര്യമത്സരങ്ങളും മാധ്യമങ്ങളും വിജയിച്ചു. മുമ്പ് വനിതാ മാസികകളിൽമാത്രം ഒതുങ്ങി നിന്നിരുന്ന സൗന്ദര്യ ചിന്തകളെ മറ്റുമാധ്യമങ്ങളും തള്ളികളയാനാകാതെ ഉൾക്കൊണ്ടിരിക്കുന്നു. ഞായറാഴ്ച പതിപ്പുകളും സ്പെഷ്യൽ പതിപ്പുകളും ആരോഗ്യ പതിപ്പുകളുമെല്ലാമായി ദിനപത്രങ്ങൾ പോലും വൻകമ്പനിക്കാരുടെ പരസ്യങ്ങൾക്ക് വേദിയായിരിക്കുകയാണ്. ഇപ്പോൾ ഇൻറർ നെറ്റിലൂടെ നിർവഹിക്കപ്പെടുന്ന പ്രധാനജോലി തന്നെ മാർക്കറ്റിംഗ് ആണല്ലോ. വീട്ടിൽ ഉൽപന്നമെത്തിക്കപ്പെടുന്ന പ്രലോഭനങ്ങളെ ആരുമറിക്കടക്കും? ഇന്ത്യൻ ഗ്രാമങ്ങളിലടക്കം ബ്യൂട്ടി പാർലറുകളും ശരീര സൗന്ദര്യ ശുശ്രൂഷയെന്ന പേരിലുള്ള ഹെൽത്ത് കെയർ സെൻററുകളും സർവ്വസാധാരണമാണ്. സംസ്ഥാന കേന്ദ്ര ഗവർമെൻറുകൾ സൗന്ദര്യ വർദ്ധക വസ്തുക്കൾക്ക് വൻ നികുതിയിളവുകൾ ഓരോ വർഷവും പ്രഖ്യാപിക്കുന്നതിന്റെ പുറകിലും ഈ കമ്പനികളുടെ സ്വാധീനം തന്നെയാണ് കാരണം. മുറുക്കാൻ കടകളിൽപോലും ഷാംപൂ മുതലുള്ള എല്ലാ തരത്തിലുള്ള സൗന്ദര്യ വർദ്ധകവസ്തുക്കളും ലഭ്യമാണ്. ശരീരഭാരം കുറക്കാൻ എക്സർസൈസ് ചെയ്യാവുന്ന ഉപകരണങ്ങൾക്ക് വലിയ ചെലവാണ്. സമയബന്ധിതമായ പല കിറ്റുകളുമെന്ന പേരിലും ഇവ ഇറക്കുന്നു.

ഇതിനെല്ലാമുപോൽസകമായി പലതരം മരുന്നുകളും വിപണിയിലുണ്ട്. എളുപ്പവഴികൾ തേടുന്ന മനുഷ്യമനസ്സുകളെ ചൂഷണം ചെയ്യാവുന്നതാണ് പുതിയ പരസ്യങ്ങൾ. അങ്ങനെയാണ് എക്സർസൈസ് പോലും ചെയ്യാതെ മെലിയുമെന്ന പരസ്യത്തോടെ പ്രത്യക്ഷപ്പെട്ടിരുന്നു Slimling pills ഹോങ്കോങ്ങിലെ ദുരന്തത്തിനുത്തരവാദികൾ.

ഈ മരുന്നുകളുടെയും മറ്റു സൗന്ദര്യ വർദ്ധകവസ്തുക്കളെയും സംബന്ധിച്ച ഏറ്റവും പുതിയ മാർക്കറ്റിംഗ് തന്ത്രം അത് ഹെർബൽ ആണെന്ന അവകാശവാദമാണ്. ഇതുകൊണ്ട് രണ്ടു ഫലങ്ങളാണുള്ളത്. കെമിക്കൽ വസ്തുപയോഗിക്കുന്നില്ലയെന്ന അവകാശം ഉൽപ്പന്നത്തിന് കുറെകൂടി വിശ്വസനീയത വരുത്തുന്നു. കൂടാതെ ദഹനസഹായിയെന്നും മറ്റുള്ള ലേബിലിറങ്ങുന്ന ഇത്തരം മരുന്നുകൾക്ക്, മറ്റുമരുന്നുകൾക്ക് ബാധകമായ കർശനമായ നിയമങ്ങൾ പാലിക്കേണ്ടതുമില്ല.

Manauadg എന്ന ചൈനീസ് പച്ചിലയിൽ നിന്നും വേർതിരിച്ചെടുക്കുന്ന phedra എന്ന മിശ്രിതം ഡയറ്റ് ഗുളികകളിൽ ധാരാളമായി ഉപയോഗിക്കുന്ന ഒന്നാണ്. ഇതിന്റെ നിർമ്മാതാക്കൾ അവകാശപ്പെടുന്നത് കൊഴുപ്പിനെ കരിയിച്ച് കളയുമെന്നാണ്. എന്നാലിത് ഉറയ്ക്കമില്ലായ്മക്കും മറ്റ് അസ്വസ്ഥതകൾക്കും കാരണമാകുന്നുവെന്ന് തെളിഞ്ഞിട്ടുണ്ട്. Epheedra അടങ്ങിയിരിക്കുന്ന ഉൽപ്പന്നങ്ങൾ ഹൃദയസ്തംഭനത്തിനും സ്ട്രോക്കിനും കാരണമാകുന്നുവെന്നും റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ട്. 1997ൽ അമേരിക്കൻ മാർക്കറ്റിൽനിന്നും feh-phen മിശ്രിതമടങ്ങിയ ഡയറ്റ് ഗുളികകൾ പിൻവലിച്ചതിനു കാരണം ഈ ഗുളികയുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളായിരുന്നു. ഈ ഗുളികകൾ ഹൃദയവാൽവിന്റെ തകരാറുകൾക്കും ചില ശ്വാസകോശ രോഗങ്ങക്കും കാരണമായി.

ഉപയോഗശൂന്യവും അപകടകരവുമായതിന്റെ പേരിൽ നിരോധിക്കപ്പെട്ട മരുന്നുകൾക്കെതിരെപ്പോലും ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയാത്ത ഇന്ത്യയെപോലെയുള്ള മൂന്നാംലോക രാജ്യങ്ങളിൽ ഇത്തരം മരുന്നുകൾ ചെയ്ത ദുഷ്യഫലങ്ങൾ പ്രത്യക്ഷമാണ്. വെറും പതിനൊന്നു വയസ്സുള്ള പെൺകുട്ടികൾപോലും സ്ലിമിംഗ് പിൽസ് മെഡിക്കൽ ഷോപ്പിൽ നിന്ന് നിർബാധം വാങ്ങിക്കുന്ന സാഹചര്യത്തിൽ ഇതിന് പ്രാധാന്യമേറുന്നു.

സൗന്ദര്യമത്സരങ്ങൾക്കും സൗന്ദര്യറാണിമാർക്കും നൽകിവരുന്ന പ്രാധാന്യവും പ്രശസ്തിയും കണക്കിലെടുക്കുമ്പോൾ ഈ അവസ്ഥ രൂക്ഷമാകാനുള്ള സാധ്യതകളാണ് കാണുന്നത്. നമ്മുടെ രാജ്യത്തിന്റെ പൊന്നോമനപുത്രികൾ അയൽ രാജ്യങ്ങളിൽ ചെന്ന് യുദ്ധം ചെയ്ത് ലോകസുന്ദരിപട്ടം വിജയിച്ചു വരുമ്പോൾ എതിരേൽക്കാൻ പ്രധാനമന്ത്രി മുതൽ ഒരുങ്ങി നിൽക്കുകയാണല്ലോ.

എല്ലായുവതികളേയും ഐശ്വര്യാറായിയും സുസ്മിതാസെന്നും, യുക്താമുഖിയുമെല്ലാമാക്കാൻ മാഗസിനുകൾ കോളങ്ങൾ നിറക്കുന്നു, മത്സരപട്ടികളൊരുക്കുന്നു. ഇവരൊന്നുമാകാതെ ജീവിക്കുന്ന സാധാരണ ജീവിതങ്ങളെ ആരു പരിഗണിക്കും?